ANNOUNCEMENT RE: PANEL OF CHAIRMEN.

MR. PRESIDENT : ചോദ്യോത്തരങ്ങൾക്കുള്ള സമയം അവസാനിച്ചിരിക്കുന്നു. നാലാംതീയതി അനുസരിച്ച് ഈ സെഷന് വേണ്ടി പാനൽ ഓഫ് ചെയർമാനെ സ്പീഡർ നോമിനേറ്റ ചെയ്യണം എന്നുണ്ട്. അതനുസരിച്ച് മെ. എം ഗോവിന്ദനെയും. പി. കെ. കുഞ്ഞിനെയും പാനൽ ഓഫ് ചെയർമെന്മാരായി ഞാൻ നോമിനേറ്റ ചെയ്തിരിക്കുന്നു.

ANNOUNCEMENT RE: ADJOURNMENT MOTIONS.

MR PRESIDENT : ഇന്ന് പത്രങ്ങൾ അടിയന്തിരപ്രമേയങ്ങൾ ഇവിടെ വന്നിട്ടുണ്ട്. അതിൽ ആദ്യത്തെപ്രമേയം മി. കുഞ്ഞിരാമൻപിള്ള മുന്നിലത്തേതാണ്. രണ്ടാമത്തേ മുതലാണ്.

"I beg leave to move that the business of the House be adjourned for the purpose of discussing a definite matter of urgent public importance, viz., the alarming situation brought about of late by the highhanded repression of the Police in different parts of the State."

അടിയന്തിരപ്രമേയങ്ങളെ സംബന്ധിച്ച് ചില വ്യവസ്ഥകളുണ്ട് ആ വ്യവസ്ഥകൾ റൂൾ ഫൈവ് റൂളുകളിൽ വിവരിച്ചിട്ടുണ്ട്. റൂൾ ഫൈവിൽ പറഞ്ഞിരിക്കുന്നു.

"It must relate to a definite matter of urgent public importance" എന്നാണ്. അതിൽ അടിയന്തിരപ്രമേയം ഒരു ഡെഫനിറ്റ മാറ്ററിനെ സംബന്ധിച്ച ഉന്നയിക്കണമെന്നാണ് പറയുന്നത്. അതായത് ഒരു ഖണ്ഡിതമായ കാര്യത്തെപ്പറ്റിയായിരിക്കണമെന്നാണ്.

"The alarming situation brought about"..... It is not a definite matter. The matter should be specific.

തിരുവിതാംകൂർകൊച്ചിൻ നാടുകളിൽ നടന്നുകൊണ്ടിരിക്കുന്ന പോലീസിന്റെ അനധികൃതമായ അടിച്ചമർത്തലിനെപ്പറ്റി വാദപ്രതിവാദം നടത്തുന്നതിന് സഭാനടപടികൾ നിറുത്തിവയ്ക്കണം എന്നാണ്.

ഇത് ക്ലിപ്തമായ ഒരു സംഭവത്തെപ്പറ്റിയല്ല പറയുന്നത്. കുറെ കാലങ്ങളിലായി തുടരെ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളെപ്പറ്റിയാണ് ഇതിൽ വിവരിക്കുന്നത്.

ഈ റൂളിൽ പറഞ്ഞിരിക്കുന്നത് ഒരു സ്പെസിഫിക്ക് കാര്യത്തെപ്പറ്റിയായിരിക്കണം അടിയന്തിരപ്രമേയം അവതരിപ്പിക്കേണ്ടതെന്നാണ്. അങ്ങനെ അല്ലെങ്കിൽ അടിയന്തിരപ്രമേയം സാധാരണ അനുവദിക്കാറില്ല. ഇതാണ് ഇംഗ്ലണ്ടിലെ പാർലമെന്റിലെ നടപടിയും.

LIBRARY ARCHIVES Kerala Legislative Assembly